90 (614) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പ്രവർത്തനം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാനപ്പെട്ട നദികളുടെ സംരക്ഷണത്തിനായി രൂപീകരിച്ച റിവർമാനേജ്മെന്റ് ഫണ്ട് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ യോഗം വർഷത്തിൽ എത്ര തവണ കൂടാറുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) പാലക്കാട് ജില്ലയിൽ വർഷത്തിൽ മൂന്നു തവണയും, തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നീ ജില്ലകളിൽ വർഷത്തിൽ രണ്ടു തവണയും കോട്ടയം, ആലപ്പുഴ, കോഴിക്കോട്, തൃശ്ശൂർ, പത്തനംതിട്ട എന്നിവിടങ്ങളിൽ വർഷത്തിൽ ഒരു തവണയും റിവർ മാനേജ്മെന്റ് ഫണ്ട് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ യോഗം ചേർന്നിട്ടില്ല.

91 (615) നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ 6.10.1999 നുണ്ടായ മഴയിലും ഉരുൾപൊട്ടലിലും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉരുൾപൊട്ടലിൽ ആകെ എത്ര രൂപയുടെ നഷ്ടമാണ് ഗവൺമെന്റ് കണക്കാക്കിയത്;

(സി) നിവേദനം സമർപ്പിച്ചവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 47,905/ - രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിരിക്കുന്നു.

(സി) നഷ്ടപരിഹാരം ഉടൻ നൽകുന്നതാണ്.

92 (616) ഭൂനികുതി

ശ്രീ. കെ. കുമാരൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഭൂനികുതി എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റിന്റെ കാലത്തു ഭൂനികുതി വർധിപ്പിച്ചുവോ;

(സി) എങ്കിൽ എത്രവീതം വർധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴുള്ള ആ നികുതി എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂനികുതി ആർ ഒന്നിന് പഞ്ചായത്ത് പ്രദേശത്ത് 50 പൈസയും ടൗൺഷിപ്പ്/മുനിസിപ്പൽ പ്രദേശത്ത് ഒരു രൂപയും, കോർപ്പറേഷൻ പ്രദേശത്ത് രണ്ടുരൂപയും നിരക്കിൽ ഈടാക്കിയിരുന്നു.

(ബി) വർധിപ്പിച്ചു.

(സി)&(ഡി) ഗ്രാമപഞ്ചായത്ത് പ്രദേശത്തു ആർ ഒന്നിന് ഒരു രൂപയും ടൗൺ പഞ്ചായത്ത്/ മുനിസിപ്പൽ പ്രദേശത്തു ആർ ഒന്നിന് രണ്ടു രൂപയും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തു ആർ ഒന്നിന് നാലുരൂപയും നിരക്കിലാണ് ഇപ്പോൾ ഭൂനികുതി ഈടാക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 20 ആർ വരെയും ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശത്ത് 6 ആർ വരെയും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 2 ആർ വരെയും ഭൂമികൈവശമുള്ള ഭൂ ഉടമകളിൽനിന്നും യഥാക്രമം ആർ ഒന്നിന്, 50 പൈസ, 1 രൂപ, 2 രൂപ നിരക്കിലാണ് ഇപ്പോഴും ഭൂനികുതി ഈടാക്കുന്നത്.

93 (617) മിച്ചഭൂമി വിതരണം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയവും കൈവശരേഖയും നൽകിയിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തു നാളിതുവരെ എത്ര ഏക്കർ മിച്ചഭൂമി ഏറ്റെടുത്തു വിതരണം ചെയ്തിട്ടുണ്ട്; 1996 മുതൽ 2000 വരെ എത്ര ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) 1991-96 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയവും കൈവശരേഖയും നൽകിയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ആകെ എത്ര ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാൻ ഉണ്ടായിരുന്നെന്നും അതിൽ എത്ര ഏക്കർ നാളിതുവരെ ഏറ്റെടുത്തുവെന്നും വെളിപ്പെടുത്തുമോ;

(എഫ്) ഏറ്റെടുത്ത മിച്ചഭൂമിയിൽ ഇനി എത്ര ഏക്കർ വിതരണം ചെയ്യാനായി ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലക്ഷംവീട് കോളനി നിവാസികൾക്ക് പട്ടയം നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് 125175 പേർക്ക് കൂടിയായ്മ പട്ടയവും 4737 പേർക്ക് കുടികിടപ്പു പട്ടയവും

LIBRARY ARCHIVES Kerala Legislative Assembly